**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2251** **06-07-2022 - ൽ മറുപടിയ്ക്ക്**

**നഗര ദരിദ്രരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം സ്ഥാനം ലഭിക്കുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ദാരിദ്ര്യനിർമ്മാർജനം, പാർപ്പിടം, നൈപുണ്യ വികസനം, സ്വയം തൊഴിൽ സംരംഭം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | ദേശീയ നഗര ഉപജീവനമിഷൻ പദ്ധതി (എൻ.യു.എൽ.എം) നടത്തിപ്പിൽ മികച്ച പ്രവർത്തനം വിലയിരുത്തുന്നതിന് SPARK (Systematic Progressive Analytical) റാങ്കിംഗ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റേറ്റിംഗിൽ 2020-21 സാമ്പത്തിക വർഷം കേരളത്തിന് ഒന്നാം റാങ്ക് ലഭ്യമായിട്ടുണ്ട്.<br><br>എൻ.യു.എൽ.എം പദ്ധതിയിൽ പ്രധാനമായും 6 ഘടകങ്ങളാണുള്ളത്.<br><br>**സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും**<br><br>നഗരദരിദ്രരായ വ്യക്തികളെ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും, ഇവർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കി ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ഘടകത്തിന്റെ ഉദ്ദേശലക്ഷ്യം. സ്വയംസഹായ സംഘടനകളെ വാർഡ് തലത്തിൽ സംഘടിപ്പിച്ച് ഏരിയ ലെവൽ ഫെഡറേഷനുകളും നഗരസഭാതലത്തിൽ ഏരിയ ലെവൽ ഫെഡറേഷനുകളെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ലെവൽ ഫെഡറേഷനുകളും രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത് കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തി അയൽക്കൂട്ട - എ.ഡി.എസ്സ് - സി.ഡി.എസ്സ് ത്രിതല സംഘടനാസംവിധാനമാണ്. അയൽക്കൂട്ട - എ.ഡി.എസ്സ് - സി.ഡി.എസ്സ് രൂപീകരണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, നിർജ്ജീവമായതോ/പ്രവർത്തനം മന്ദീഭവിച്ചതോ ആയ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കൽ എന്നിവ പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് |

മാസം പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങൾക്ക് 10,000/-രൂപയും എ.ഡി.എസ്സുകൾക്ക് 50,000/- രൂപയും റിവോൾവിംഗ് ഫണ്ട് (ഒറ്റത്തവണ) ലഭ്യമാക്കും. 2020-21 കാലയളവിൽ 1992 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും, 3123 അയൽക്കൂട്ടങ്ങൾക്കും 172 എ.ഡി.എസ്സുകൾക്കും റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുകയും ചെയ്തു.

**നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ**

നഗരപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള യുവതീ-യുവാക്കൾക്ക് (18-35 വയസ് പ്രായപരിധി) നൈപുണ്യ പരിശീലനം ലഭ്യമാക്കി വേതനാധിഷ്ഠിത തൊഴിലോ (കുറഞ്ഞത് 8,000/- രൂപ മാസ വരുമാനം) സ്വയംതൊഴിലോ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന ഘടകമാണിത്. നാഷണൽ സെക്ടർ സ്കിൽ കൗൺസിൽ അംഗീകാരമുള്ള സെക്ടർ സ്കിൽ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. 2020-21 കാലയളവിൽ 2363 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുകയും 1583 പേർ പൂർത്തിയാക്കുകയും 774 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

**സ്വയംതൊഴിൽ പദ്ധതി**

നഗരദരിദ്രർക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒറ്റയ്ക്കായോ കൂട്ടായോ (3 മുതൽ 10 അംഗങ്ങൾ) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ടി ഘടകം. വ്യക്തിഗത സംരംഭങ്ങൾക്ക് 2 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ വായ്പയുടെ പലിശ 7%ത്തിൽ അധികരിക്കുന്നതാണെങ്കിൽ അധികരിക്കുന്ന പലിശക്ക് പലിശ സബ്സിഡി നൽകുന്നതാണ്. കൂടാതെ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ലിങ്കേജ് വായ്പകൾക്കും 7%ത്തിൽ അധികരിക്കുന്ന പലിശക്ക് പലിശ സബ്സിഡി ലഭ്യമാക്കും. 2020-21 കാലയളവിൽ 995 സംരംഭങ്ങൾ ആരംഭിച്ചത് വഴി 1341 പേർക്ക് തൊഴിലവസരം നൽകി.

**നഗര ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി**

തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് താൽക്കാലിക താമസത്തിനുള്ള അവസരമൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. പുതിയ ഷെൽട്ടറുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം (Refurbishment) നടത്തി താമസസൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്.

| | | | |
|---|---|---|---|
| | | | നഗരപ്രദേശങ്ങളിൽ ഇപ്രകാരം തെരുവിൽ കഴിയുന്ന വ്യക്തികളെ സർവ്വേയിലൂടെ കണ്ടെത്തി ആവശ്യാനുസരണം ഷെൽട്ടർ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. 2020-21 കാലയളവിൽ രണ്ട് പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, രണ്ട് അഭയകേന്ദ്രങ്ങൾ നവീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>**നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ**<br><br>നഗര പ്രദേശങ്ങളിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്ന വ്യക്തികളെ സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 24643 തെരുവ് കച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തുകയും 2020-21 കാലയളവിൽ 7235 പേർക്ക് പി.എം സ്വാനിധി പ്രകാരം ലോൺ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ ഇവർക്ക് ഐഡന്റിറ്റി കാർഡും ലൈസൻസും ലഭ്യമാക്കിയിട്ടുണ്ട്.<br><br>**കാര്യശേഷി വികസനവും പരിശീലനവും**<br><br>എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്, വിവിധ സ്റ്റേറ്റ് ഹോൾഡർമാർ, ത്രിതല സംഘടനാ സംവിധാനത്തിൽ വരുന്നവർ ഉൾപ്പെടെയുള്ളവർക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം ലഭ്യമാക്കുകയാണ് ഈ ഘടകത്തിലൂടെ ചെയ്യുന്നത്. ഓരോ സാമ്പത്തിക വർഷവും മേൽപറഞ്ഞ ഘടകങ്ങൾക്കുള്ള ടാർഗറ്റ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. ആയത് സംബന്ധിച്ചിട്ടുള്ള പുരോഗതി വിലയിരുത്തിയാണ് റാങ്കിംഗിന് പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ